# ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ: ഡോ. ആർ. അജയകുമാർ വർമ്മ)

വിഷയം:- തസ്വഭവ – ശുചിത്വമിഷൻ – വെള്ളപ്പൊക്കാനന്തര ശുചീകരണ പ്രവർത്തനങ്ങൾ – അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1) ബഹു. മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26-08-2018 തീയതിയിൽ ചേർന്ന യോഗ തീരുമാനം.
2) ബഹു. ഹരിത കേരളം എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ അദ്ധ്യക്ഷതിയിൽ 27-08-2018-ൽ ചേർന്ന യോഗതീരുമാനം.
3) ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സന്റെ 27-08-2018-ലെ എ2/1924/ഹ.കെ.മി/18 നമ്പർ കത്ത്.

**ഉത്തരവ് നം. 2813/എ/2018/എസ്.എം.** **തീയതി: 27/08/2018**

പ്രളയ ബാധിത പ്രദേശങ്ങിൽ നിന്നും ശേഖരിക്കുന്ന തുണികൾ, മെത്തകൾ, പാസ്റ്റിക് വസ്തുക്കൾ, ഇ-മാലിന്യങ്ങൾ ഉൾപ്പെടുയുള്ള അജൈവമാലിന്യങ്ങൾ നീക്കം ചെയ്ത് സംസ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നു. ആവശ്യമെങ്കിൽ കൂടുതൽ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി അജൈവ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് സർക്കാരിനെ അറിയിക്കുവാൻ സൂചന (1) പ്രകാരം ചേർന്ന യോഗം തീരുമാനമെടുത്തിട്ടുണ്ട്. വർദ്ധിച്ച തോതിൽ മാലിന്യം അടിഞ്ഞു കൂടിയിട്ടുള്ളതിനാലും വളരെ വേഗം ഇവ നീക്കം ചെയ്യേണ്ടതിനാലും കൂടുതൽ മാലിന്യം ശേഖരിക്കേണ്ട വയനാട്, തൃശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ അധിക ക്രമീകരണങ്ങൾ വരുത്തേണ്ടതുണ്ട്.

ഇതു സംബന്ധിച്ച് 27-08-2018-ൽ ബഹു. ഹരിത കേരളം എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ അവർകളുടെ അദ്ധ്യക്ഷതയിൽ സൂചന (2) പ്രകാരം ചേർന്ന യോഗം, പ്രളയബാധിത പ്രദേശങ്ങളിലെ അജൈവ മാലിന്യങ്ങളും, ഇ-മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് ഒഴിവാക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ക്ലീൻ കേരള കമ്പനിയുടെ സേവനത്തിന് പുറമെ സന്നദ്ധതയറിയിച്ചിട്ടുള്ള മറ്റു സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും സേവനങ്ങൾ കൂടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സൂചന (3) പ്രകാരം ഇത്തരത്തിൽ നിയോഗിക്കാനാകുന്ന സ്ഥാപനങ്ങളുടെയും സംഘടകളുടെയും പേര് വിവരം ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.

1) ഗ്രീൻ വേംസ് എക്കോ സൊലൂഷൻസ്, എൽ.എൽ.പി, വെസ്റ്റ് ഹിൽ, കോഴിക്കോട്-5
2) ക്രിസ്സ് ഗ്ലോബൽ ട്രേഡേഴ്സ്, വെങ്ങൽ, ആലുംതുരുത്തി പി.ഒ. തിരുവല്ല.
3) ഒലീന മഹിളാ സമാജം, വെസ്റ്റ് ഹിൽ, കോഴിക്കോട്.
4) നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോഴിക്കോട്.

5) പ്ലാസ്റ്റിക് റീ-സൈക്ലിംഗ് ഇൻഡസ്ട്രീയൽ അസോസിയേഷൻ, പെരുമ്പാവൂർ, എറണാകുളം.

6) സ്ക്രാപ് മർച്ചൻസ് അസോസിയേഷന്റെ വയനാട്, തൃശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കേരള ജില്ലാ ഘടകങ്ങൾ.

മേൽ ഏജൻസികൾ/സ്ഥാപനങ്ങൾ/സംഘടനകളുടെ മേൽ വിലാസം അനുബന്ധമായി ചേർത്തിട്ടുണ്ട്.

മേൽ ഏജൻസികൾ/സ്ഥാപനങ്ങൾ/സംഘടനകൾ എന്നിവരുടെ സേവനം നിലവിലെ സർക്കാർ നിയമങ്ങൾക്കനുസൃതായി പ്രയോജനപ്പെടുത്തി പ്രളയബാധിത പ്രദേശങ്ങളിലെ തുണികൾ, മെത്തകൾ, പാസ്റ്റിക് വസ്തുക്കൾ, ഇ-മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ചുള്ള ചെലവുകൾ 16-08-2018-ലെ സ.ഉ(സാധാ)2262/2018/ത.സ്വ.ഭ.വ പ്രകാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വഹിക്കേണ്ടതാണ്.

ഈ നടപടിക്രമം സംസ്ഥാനം ഇപ്പോൾ നേരിടുന്ന പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾക്ക് മാത്രം ബാധകമായിരിക്കും.

ഒപ്പ്/-

എക്സിക്യൂട്ടീവ് ഡയറക്ടർ

To

എല്ലാ ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്: 1) അഡീഷണൽ ചീഫ് സെക്രട്ടറി, ത.സ്വ.ഭവ. (ആമുഖ കത്ത് സഹിതം)
2) എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിത കേരള മിഷൻ (ആമുഖ കത്ത് സഹിതം)
3) കമ്മീഷണർ, ഗ്രാമവികസന വകുപ്പ് (ആമുഖ കത്ത് സഹിതം)
4) ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (ആമുഖ കത്ത് സഹിതം)
5) ഡയറക്ടർ, നഗരകാര്യ വകുപ്പ് (ആമുഖ കത്ത് സഹിതം)
6) വയനാട്, തൃശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലാകളക്ടർമാർ (അറിവിലേയ്ക്കായി)
6) ഇൻഫർമേഷൻ കേരള മിഷൻ

ഉത്തരവിൻ പ്രകാരം

ഡയറക്ടർ (ഓപ്പറേഷൻസ്)
27.8.18

D:\beena\PROCEEDINGS\Flood - 27-8-2108.docx

Annexure

I. Details of State Level office bears Plastic Re-cycling Industrial Association (PRIYA)

1. Siyad Ali,
President PRIYA,
Hamara Plastics,
Nediyara (Jn), Govt. LP School Road,
Kodanad P.O – 683 544
Ph: 9947702486, 9388584838
hamaraplastic@gmail.com

2. Abdul Samad,
Secretary PRIYA,
KSA Plastics, Mudickal P.O,
Perumbavur
Ph: 9496406999

3. Fakrudeen,
Treasurer PRIYA
ENPEES Plastics,
Door No. 41, Municipal Vegetable Market
Main Road, Perumbavur.
Ernakulam – 683547
Ph: 9388941490

II. Details Kerala Scrap Merchant Association District Officials – 2018

| Sl. No. | Name, Designation & Phone Number | District |
|---|---|---|
| 1) | Muhammed Ashique, President<br>Ph: 9747491253 | Pathanamthitta |
| | Sreejesh, Secretary<br>Ph: 8589857770 | |
| 2) | Babuji, President<br>Ph: 9447366314 | Alappuzha |
| 3) | Abbas Parayil, President<br>Ph: 9946536853 | Kottayam |
| | Rathnappan Ayimanam, Secretary<br>Ph: 9387294291 | |
| 4) | Siraj Ernakulam, President<br>Ph: 9447743891 | Ernakulam |
| | Rasheed Kalady, Secretary<br>Ph: 9847913419 | |
| 5) | T.G. Babu, President<br>Ph: 9447352539 | Thrissur |
| | Subair. K.K, Secretary<br>Ph; 9447528262 | |
| 6) | M.C Bava, President<br>Ph: 9388171162 | Wayanadu |
| | Attakoya Thangal, Secretary,<br>Ph: 9747518148 | |

## III. Haritha Sahaya Sthapanangal

1) Green Worms Eco Solution LLP, 2/21, Nambeeshan Colony, West Hill Chungam, West Hill P.O, Kozhiokode – 5
2) Criss Global Traders, Vengal, Alumthuruthi P.O, Thiruvalla, - 689113
3) Oleena Mahila Samajam, West Hill P.O, Kozhikode – 673 005.
4) Niravu Zero Waste Management, Neravu Farmers Producer Co. Ltd., Vengeri P.O, Kozhikode – 673 010, niravuvengerikzd@gmail.com , babuvengeri@gmail.com, Ph: 0495 2371301, 9447276177.